<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4318</u> <u>09-08-2021 - ൽ മറുപടിയ്ക്ക്</u>

<u>കവളപ്പാറ ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ നിയോജകമണ്ഡലത്തിൽ 2019-ൽ ഉണ്ടായ പോത്തുകൽ കവളപ്പാറ ദുരന്തത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കുള്ള സർക്കാർ ധനസഹായം എത്രയെന്ന് വിശദമാക്കാമോ; എത്ര കുടുംബങ്ങൾക്ക് , എത്ര തുക വീതമാണ് ലഭ്യമാക്കിയതെന്നും അറിയിക്കാമോ; | (എ) | 2019-ൽ ഉണ്ടായ പോത്തുകൽ കവളപ്പാറ ദുരന്തത്തിൽ മരണപ്പെട്ടതും കാണാതായതുമായ 59 പേരുടെ ആശ്രിതർക്ക് 4 ലക്ഷം രൂപ വീതം സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) | കവളപ്പാറ ദുരന്തത്തിൽ എത്ര പേർക്കാണ് ഭൂമിയും വീടും നഷ്ടമായതെന്ന് അറിയിക്കാമോ; ഭൂമി വാങ്ങാനും,വീട് നിർമ്മിക്കുവാനും കവളപ്പാറയിലെ എത്ര പേർക്ക്, എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കവളപ്പാറ ദുരന്തത്തിൽ 50 കുടുംബങ്ങൾക്ക് ഭൂമിയും വീടും നഷ്ടപ്പെട്ടു. ഇവർക്ക് ഭൂമി വാങ്ങി വീട് നിർമ്മിക്കുന്നതിനായി 10 ലക്ഷം രൂപ വീതം (സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപയും, വീട് നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപയും) അനുവദിക്കുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. 46 ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. 4 ഗുണഭോക്താക്കൾക്ക് വിവിധ കാരണങ്ങളാൽ ധനസഹായതുക വിതരണം ചെയ്തിട്ടില്ല. വസ്തു വാങ്ങുന്നതിന് ധനസഹായം അനുവദിച്ചിട്ടുള്ള മേൽ 46 ഗുണഭോക്താക്കളിൽ 11 പേർക്ക് പ്രമുഖ വ്യവസായി ശ്രീ.എം.എ യൂസഫലി വീട് നിർമ്മിച്ച് നൽകിയിട്ടുണ്ട്. ബാക്കിയുള്ളവർക്ക് വീട് പുനർ നിർമ്മിക്കുന്നതിനുള്ള ധനസഹായമായ 4 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. |
| (സി) | ഭൂമിയും വീടും വാസയോഗ്യമല്ലാതായതിനാൽ സർക്കാർ ധനസഹായം നൽകി കവളപ്പാറയിലെ എത്ര കുടുംബങ്ങളെയാണ് മാറ്റിത്താമസിപ്പിച്ചതെന്ന് അറിയിക്കാമോ; ഈ ധനസഹായം ഗുണഭോക്താക്കൾക്ക് ഇതിനകം കൈമാറിയിട്ടുണ്ടോയെന്നും അറിയിക്കാമോ; | (സി) | ഭൂമിയും വീടും വാസയോഗ്യമല്ലാതായ 77 കുടുംബങ്ങൾക്കായി സ്ഥലം വാങ്ങി വീട്ട നിർമ്മിക്കുന്നതിന് സർക്കാർ 10 ലക്ഷം രൂപ വീതം അനുവദിച്ചതിൽ നിന്നും 76 കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഒരു ഗുണഭോക്താവിന് വാസയോഗ്യമായ വേറെ സ്ഥലം ഉള്ളതിനാൽ സ്ഥലം വാങ്ങുന്നതിനുള്ള തുക അനുവദിച്ചിട്ടില്ല. മേൽ പറഞ്ഞ ഗുണഭോക്താക്കളിൽ റീ ബിൽഡ് ആപ്പിൽ ഉൾപ്പെട്ട 20 ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിനുള്ള സഹായം വിതരണം |

| | | | |
|---|---|---|---|
| | | | ചെയ്യുകയും, 11 ഗുണഭോക്താക്കൾക്ക് 1,2,3 ഗഡുക്കൾ വിതരണം ചെയ്യുകയും, 22 ഗുണഭോക്താക്കൾക്ക് പ്രമുഖ വ്യവസായി ശ്രീ.എം.എ യൂസഫലി വീട് നിർമ്മിച്ച് നൽകുകയുമുണ്ടായി. ശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് വീട്ടു നിർമ്മാണ പുരോഗതി അനുസരിച്ച് ഗഡുക്കളായി തുക അനുവദിച്ച് വരുന്നു. |
| (ഡി) | കവളപ്പാറ ദുരന്തം നടന്ന സ്ഥലത്ത് എത്ര ഏക്കർ ഭൂമിയാണ് ദുരന്തബാധിതർക്ക് നഷ്ടമായതെന്ന് വ്യക്തമാക്കാമോ; ഈ ഭൂമി, ദുരന്തത്തിൽ മരണപ്പെട്ടവരുടെ അനന്തരാവകാശികൾക്ക് കൃഷിഭൂമിയായി ഉപയോഗിക്കുവാൻ സാധിക്കുമോയെന്നറിയിക്കാമോ; ഇതിന് സർക്കാർ അനുമതി നൽകുമോ; വ്യക്തമാക്കാമോ ? | (ഡി) | ഏകദേശം 8 ഏക്കറോളം ഭൂമിയാണ് ദുരന്തബാധിതർക്ക് നഷ്ടമായത്. ഇവിടെ നാമമാത്ര കൃഷികൾ ചെയ്ത് വരുന്നുണ്ട്. കവളപ്പാറ ദുരന്തം നടന്ന സ്ഥലം കൃഷി ഭൂമിയായി അനന്തരവകാശികൾക്ക് അനുവദിക്കുവാൻ കഴിയുമോ എന്നത് സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ